**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1711 — 11/2/2013-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ജൈവ കൃഷി സമ്പ്രദായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് നിലവിലുള്ള കൃഷി രീതികൾ ഏതെല്ലാം ; അടുത്ത 5 വർഷത്തിനകം സംസ്ഥാനത്തൊട്ടാകെ ജൈവകൃഷി സമ്പ്രദായം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; നാളിതുവരെ പ്രസ്തുത ജൈവകൃഷി സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനായി എത്ര രൂപ ചെലവഴിച്ചു. ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് പ്രസിദ്ധീകരിക്കാമോ ; | എ) സംസ്ഥാനത്ത് നിലവിലുള്ള കൃഷി രീതികൾ ശാസ്ത്രീയ കൃഷി, ജൈവ കൃഷി, പരമ്പരാഗത കൃഷി എന്നിവയാണ്. അടുത്ത 5 മുതൽ 10 വർഷത്തിനകം സംസ്ഥാനത്തൊട്ടാകെ ജൈവ കൃഷി സമ്പ്രദായം ഏർപ്പെടുത്തുക എന്നത് സർക്കാരിന്റെ കാർഷിക നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജൈവ കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) | ഓരോ ജില്ലയിലും എത്ര സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി ; സംസ്ഥാനത്തെ ഏതെല്ലാം കൃഷിഭവനുകളിൽ ജൈവകൃഷി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ; | ബി) ഓരോ ജില്ലയിലും എത്ര സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കി യിട്ടുണ്ടെന്ന കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>ജൈവ കൃഷി സംവിധാനം നടപ്പാക്കിയ കൃഷി ഭവനുകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.<br><br>1. തിരുവനന്തപുരം- പാറാശ്ശാല, കാട്ടാക്കട. ആര്യങ്കോട്, നെടുമങ്ങാട് ബ്ലോക്കുകളിൽ ഉള്ള കൃഷി ഭവനുകൾ<br>2. കൊല്ലം - കരുനാഗപ്പള്ളി, ചവറ. ചാത്തന്നൂർ, ശാസ്താംകോട്ട, |

വെട്ടിക്കവല, ചടയ മംഗലം, ബ്ലോക്കുകളിൽ ഉള്ള കൃഷി ഭവനുകൾ

3. ആലപ്പുഴ - പട്ടണക്കാട് ബ്ലോക്കിലെ കൃഷി ഭവനുകൾ
4. പത്തനംതിട്ട - കോന്നി, അടൂർ, കോയിപ്പുറം, ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
5. ഇടുക്കി - ഇടുക്കി, ദേവികുളം, നെടുങ്കണ്ടം, കട്ടപ്പന, അടിമാലി, ഇരട്ടയാർ, കൊന്നത്തടി ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
6. കോട്ടയം - മടപ്പിള്ളി, കാഞ്ഞിരപ്പള്ളി, വാഴൂർ, ഉഴവൂർ, ഈരാറ്റുപേട്ട, കടുത്തുരുത്തി, പാമ്പാടി ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
7. എറണാകുളം - പിറവം, മുളന്തുരുത്തി, മുവാറ്റുപുഴ, പാമ്പാക്കുട ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
8. തൃശ്ശൂർ - പുഴയ്ക്കൽ, ഒല്ലുക്കര, ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
9. പാലക്കാട് - ആലത്തൂർ, നെന്മാറ, ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
10. മലപ്പുറം - തവനൂർ ബ്ലോക്കിലെ കൃഷി ഭവനുകൾ
11 കോഴിക്കോട് - കൊടുവള്ളി, കൊയിലാണ്ടി ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
12. വയനാട് - മാനന്തവാടി, ബത്തേരി ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
13. കണ്ണൂർ - പയ്യന്നൂർ, തളിപ്പറമ്പ്, ബ്ലോക്കുകളിലെ കൃഷി ഭവനുകൾ
14. കാസർഗോഡ് - നീലേശ്വരം ബ്ലോക്കിലെ കൃഷി ഭവനുകൾ

| | |
|---|---|
| സി) ജൈവകൃഷി സംവിധാനം സാർവ്വത്രികമാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് കേരള കൃഷി വകുപ്പ് സംഘടിപ്പിച്ചത് എന്ന് വിശദീകരിക്കാമോ ; എത്ര രൂപ പ്രചരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു : | സി) ജൈവകൃഷി സംവിധാനം സാർവ്വത്രികമാക്കുന്നതിനായി സംസ്ഥാനത്ത് ഒരു ജൈവ കാർഷിക നയം പ്രഖ്യാപിച്ചു. ഇതിന്റെ തുടർച്ചയായി ദേശീയതല സെമിനാർ നടത്തുകയും ആയതിന് 1.99 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പഴങ്ങളിലും പച്ചക്കറികളിലുമുള്ള കീടനാശിനിയുടെ അവശിഷ്ട പരിശോധന നടത്തുന്നതിനായി കേരള സർവ്വകലാശാലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ജൈവകൃഷി സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; കർഷക ഇതര സംഘടനകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം ഏജൻസികൾക്ക് ജൈവകൃഷി ചെയ്യുന്നതിനായി എത്ര തുക നൽകി ; | ഡി) | ജൈവകൃഷി സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. സർക്കാർ നേരിട്ട് കൃഷി വകുപ്പു മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഇ) | പ്രസ്തുത ഏജൻസികൾ എത്ര ഏക്കർ ജൈവകൃഷി നടത്തി ; വിശദാംശം ലഭ്യമാക്കാമോ ? | ഇ) | ഏജൻസികൾ മുഖേന ജൈവ കൃഷി നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

| ക്രമ നം | | 2010-2011 | 2011-2012 |
|---|---|---|---|
| 1 | തിരുവനന്തപുരം | 4.85 ലക്ഷം | 22.475 ലക്ഷം |
| 2 | കൊല്ലം | 4.84925 ലക്ഷം | 22.475 ലക്ഷം |
| 3 | ആലപ്പുഴ | 4.85 ലക്ഷം | 22.475 ലക്ഷം |
| 4 | പത്തനംതിട്ട | 4.85 ലക്ഷം | 22.455 ലക്ഷം |
| 5 | ഇടുക്കി | 24.25 ലക്ഷം | 112.375 ലക്ഷം |
| 6 | കോട്ടയം | 4.85 ലക്ഷം | 22.475 ലക്ഷം |
| 7 | എറണാകുളം | 4.85 ലക്ഷം | 22.475 ലക്ഷം |
| 8 | തൃശ്ശൂർ | 4.85 ലക്ഷം | 22.475 ലക്ഷം |
| 9 | പാലക്കാട് | 4.85 ലക്ഷം | 22.475 ലക്ഷം |
| 10 | മലപ്പുറം | 4.85 ലക്ഷം | 22.475 ലക്ഷം |
| 11 | കോഴിക്കോട് | 4.85 ലക്ഷം | 22.475 ലക്ഷം |
| 12 | വയനാട് | 14.55 ലക്ഷം | 67.425 ലക്ഷം |
| 13 | കണ്ണൂർ | 4.85 ലക്ഷം | 22.475 ലക്ഷം |
| 14 | കാസർഗോഡ് | 4.85 ലക്ഷം | 22.475 ലക്ഷം |
| | **ആകെ** | **96.99925** | **449.480** |

Snehama

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

## <u>സ്ഥല വിസ്തീർണ്ണം.</u>

| ക്രമ നം | ജില്ല | 2010-2011 | 2011-2012 |
|---|---|---|---|
| 1 | തിരുവനന്തപുരം | 45 ഹെക്ടർ | 220 ഹെക്ടർ |
| 2 | കൊല്ലം | 45 ഹെക്ടർ | 220 ഹെക്ടർ |
| 3 | ആലപ്പുഴ | 45 ഹെക്ടർ | 220 ഹെക്ടർ |
| 4 | പത്തനംതിട്ട | 45 ഹെക്ടർ | 220 ഹെക്ടർ |
| 5 | ഇടുക്കി | 225 ഹെക്ടർ | 1100 ഹെക്ടർ |
| 6 | കോട്ടയം | 45 ഹക്ടർ | 220 ഹെക്ടർ |
| 7 | എറണാകുളം | 45 ഹെക്ടർ | 220 ഹെക്ടർ |
| 8 | തൃശ്ശൂർ | 45 ഹെക്ടർ | 220 ഹെക്ടർ |
| 9 | പാലക്കാട് | 45 ഹെക്ടർ | 220 ഹെക്ടർ |
| 10 | മലപ്പുറം | 45 ഹെക്ടർ | 220 ഹെക്ടർ |
| 11 | കോഴിക്കോട് | 45 ഹെക്ടർ | 220 ഹെക്ടർ |
| 12 | വയനാട് | 135 ഹെക്ടർ | 660 ഹെക്ടർ |
| 13 | കണ്ണൂർ | 45 ഹെക്ടർ | 220 ഹെക്ടർ |
| 14 | കാസർഗോഡ് | 45 ഹെക്ടർ | 220 ഹെക്ടർ |
| | **ആകെ** | **900 ഹെക്ടർ** | **4400 ഹെക്ടർ** |

Sndhama

സെക്ഷൻ ഓഫീസർ